Appendix H4

**നോട്ടീസ്**

പൊതുമരാമത്ത് വകുപ്പിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയ ശ്രീ. പി.കെ. ബാബുവിനുള്ള അറിയിപ്പ്.

പൊതുമരാമത്ത് വകുപ്പിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയ താങ്കൾക്ക് തിരുവനന്തപുരം ദക്ഷിണമേഖലാ കാര്യാലയത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയിരിക്കെ കോൺട്രാക്ടേഴ്സ് ലൈസൻസ് അനുവദിച്ചുനൽകിയതിൽ ക്രമക്കേടും അഴിമതിയും നടത്തി എന്ന ആരോപണവുമായി ബന്ധപ്പെട്ട് 24.08.2022-ൽ PWD-F1/216/2019-PWD നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക നൽകിയിരുന്നു. താങ്കൾ അട്ടപ്പാടി ITDP പ്രോജക്ട് ഓഫീസിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിക്കവേ താങ്കളുടെ ഭാഗത്തു നിന്നുമുണ്ടായ ക്രമക്കേടുകൾ സംബന്ധിച്ച് 05.06.2023 തീയതിയായി PWD-F2/110/2017-PWD നമ്പർ കുറ്റപത്രം/ കുറ്റോരപണ പത്രിക നല്കുകയുണ്ടായി. കൂടാതെ താങ്കൾ കേരള റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ അഡീഷണൽ ജനറൽ മാനേജർ തസ്തികയിൽ അന്യത്രസേവനമനുഷ്ഠിക്കവെ, അവധി അപേക്ഷ നൽകാതെ 21.11.2022 മുതൽ തുടർച്ചയായി ഓഫീസിൽ ഹജരാകാതിരിക്കുകയും, 05.01.2023, 09.01.2023, 12.01.2023 തീയതികളിൽ പഞ്ചിംഗ് സമ്പ്രദായം വഴി ഹാജർ രേഖപ്പെടുത്തിയശേഷം ജോലി ചെയ്യാതെ ഓഫീസ് വിട്ടുപോകുകയുമുണ്ടായി എന്നീ കുറ്റങ്ങൾക്ക് 30.06.2023 തീയതിയിൽ PWD-F2/48/2023-PWD നമ്പർ കുറ്റാരോപണമെമ്മോ/ കുറ്റാരാപണ പത്രിക നൽകുകയുണ്ടായി.

മേൽ കുറ്റപത്രങ്ങൾ താങ്കളുടെ മേൽവിലാസത്തിൽ രജിസ്റ്റേർഡ് തപാൽ മുഖേനയും ഇ-മെയിൽ മുഖനയും കൈമാറിയിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമായില്ലെന്ന് വിജിലൻസ് വിഭാഗം ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ഈ നോട്ടീസ് പബ്ലിഷ് ചെയ്ത് 15 ദിവസത്തിനകം താങ്കൾക്കെതിരെയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രികകൾക്ക് വിശദീകരണം ലഭ്യമാക്കിയില്ലെങ്കിൽ, താങ്കൾക്ക് ഈ വിഷയത്തിൽ വിശദീകരണമൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. താങ്കൾക്കെതിരെയുള്ള കുറ്റപത്രം/കുറ്റാരോപണ പത്രികകളുടെ പൂർണ്ണരൂപം അയച്ചുനൽകുന്നതിന് പൊതുമരാമത്ത് (എഫ്) വകുപ്പ് സെക്ഷൻ ഓഫീസർ മുൻപാകെ, താങ്കളുടെ മേൽവിലാസസഹിതം, ഓഫീസ് പ്രവൃത്തി സമയത്ത് അപേക്ഷ നൽകി ലഭ്യമാക്കാവുന്നതാണ്.

Signed by
Mini.v.
Date: 29-11-2023 16:11:20
സ്പെഷ്യൽ സെക്രട്ടറി,
പൊതുമരാമത്ത്(എഫ്) വകുപ്പ്

ശ്രീ.പി.കെ.ബാബു(PEN 129085)

സൂപ്രണ്ടിംഗ് എഞ്ചിനീയർ,

പൊതുമരാമത്ത് വകുപ്പ്